LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ആർ. ബാലൻ : സർ, സർക്കാർ മേഖലയിൽ അപകട സാദ്ധ്യതകളുള്ള ഏതെല്ലാം സ്ഥാപനങ്ങളിലാണ് തൊഴിൽ സുരക്ഷിതത്വനിയമം കർക്കശമായി നടപ്പിലാക്കിയിട്ടുള്ളതെന്ന കാര്യം വിശദീകരിക്കാമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അതിന് പ്രത്യേക ചോദ്യമുണ്ടെങ്കിലേ മറുപടി പറയാൻ കഴിയൂ.

ശ്രീ. എൻ. ആർ. ബാലൻ : അന്യ സംസ്ഥാനങ്ങളിലെ മത്സ്യസംസ്ക്കരണ ശാലകളിലും അതുപോലെ പച്ചക്കറി സംസ്ക്കരണശാലകളിലുമൊക്കെ കേരളത്തിൽനിന്ന് ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. അവരുടെ സുരക്ഷിതത്വവും നിയമപരമായിട്ടുള്ള ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള വല്ല നടപടിയും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഉണ്ട്. ഫിഷിംഗ് പ്ലാന്റിൽ നമ്മുടെ സംസ്ഥാനത്തുനിന്ന് പ്രത്യേകിച്ച് ആന്ധ്ര, ഗുജറാത്ത്, ബോംബെ തുടങ്ങിയ സ്ഥലങ്ങളിലൊക്കെ ആളുകൾ ജോലി ചെയ്യുന്നുണ്ട്. അവിടെയൊക്കെ ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ പോയി ആരോഗ്യപരമായ അവരുടെ സുരക്ഷിതത്വം പരിശോധിച്ചിട്ടുണ്ട്. അതിനുവേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് അതാത് സ്ഥലത്തെ ലേബർ ഡിപ്പാർട്ടുമെന്റും ഗവൺമെന്റുമാണ് ചെയ്യേണ്ടത്. അതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ ചുമതലയല്ല, ലേബർ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയാണ്. ലേബർ ഡിപ്പാർട്ടുമെന്റ് ആ കാര്യത്തിൽ താൽപ്പര്യപൂർവം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തൊഴിലാളികൾക്ക് മാതൃകാ പെരുമാറ്റച്ചട്ടം

6 (*363) ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. നാരായണൻ :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രേഡ് യൂണിയനുകൾക്കും തൊഴിലാളികൾക്കുമുള്ള മാതൃകാ പെരുമാറ്റ ചട്ടത്തിന് അന്തിമരൂപം നൽകുന്നതിന് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സമിതിയുടെ റിപ്പോർട്ട് എപ്പോൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള)

(എ) സർക്കാർ ഇത്തരം ഒരു സമിതി രൂപീകരിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

ഫിലിം സൊസൈറ്റികൾ

7 (*364) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചലച്ചിത്ര അക്കാദമിയുടെ സഹായത്താൽ ഫിലിം സൊസൈറ്റി പ്രസ്ഥാനം പുനരുജ്ജീവിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി കഴിഞ്ഞ ഒരുവർഷമായി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) ഫിലിം സൊസൈറ്റിയുടെ പ്രവർത്തനമേഖല ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫിലിം സൊസൈറ്റികളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ഇ) സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണ്ണയത്തിൽ ഫിലിം സൊസൈറ്റികൾക്ക് എന്തെങ്കിലും ചുമതല നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ എന്തൊക്കെ ചുമതലകളാണ് ഏൽപ്പിക്കാൻ ഉദ്ദേശരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസിന് അനുവദിച്ച് നൽകാനുണ്ടായിരുന്ന 1997-98 ലെ ഗ്രാന്റ് അനുവദിച്ചു. സൊസൈറ്റികൾ പുനരുജ്ജീവിപ്പിക്കുന്നതിനെക്കുറിച്ച് പഠിക്കാനായി രൂപംകൊടുത്ത സബ് കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ താമസിയാതെ തന്നെ ഫിലിം സൊസൈറ്റി ഫെഡറേഷന് 1998-99 ലേക്കുള്ള ധനസഹായം നൽകും. സൊസൈറ്റികൾക്ക് പ്രശസ്തങ്ങളായ ചിത്രങ്ങളുടെ പ്രിന്റുകളും വീഡിയോ കാസറ്റുകളും അക്കാദമി വഴി പ്രദർശനത്തിനായി നൽകി തുടങ്ങിയിട്ടുണ്ട്. കൂടുതൽ ഫിലിം സൊസൈറ്റികൾ ഉണ്ടാകുന്നതിനുവേണ്ടി അക്കാദമി ഭാരവാഹികൾ ഗ്രാമപഞ്ചായത്തുകളുമായും നഗരസഭകളുമായും ബന്ധപ്പെട്ടു. ഇതിന്റെ ഫലമായി ഏറെ സ്ഥലങ്ങളിൽ ഫിലിം സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഫിലിം സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ താഴേത്തലങ്ങളിൽ മികച്ച ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് "ജനമിത്ര" ഫിലിം പ്രദർശന പരിപാടി 1999 മെയ് 5-ാം തീയതി കനകക്കുന്നിൽ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly